(ഛ) തിരുവിതാംകൂർ പ്രദേശത്തിലെ എല്ലാ പകുതിയിലും കൃഷി നട ത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം ഉല്പാദനം കിട്ടാവുന്ന വിളവു മുതലായവയുടെ സ്ഥിതിവിവരകണക്കുകൾ കാണിക്കുന്ന രജിസ്റ്റർകൾ തുറന്നിട്ടുണ്ട്.

(ജ) വിളവെടുപ്പുവിവരം കാണിക്കുന്ന രജിസ്റ്റർകൾ സൂക്ഷിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഡിമാൻഡുകൾ നിശ്ചയിക്കാനും 'പർച്ചെയിസ്' ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഝ) ശരിയായ അധികാരത്തിലുള്ളതല്ലാത്ത നെല്ലു വാങ്ങലും വില്പനയും രണ്ടും നിരോധിച്ചിട്ടുണ്ട്.

(ഞ) ശരിയായ പെർമിറ്റു കൂടാതെ നെല്ലു കൊണ്ടുപോകുന്നതിനെ കഠിനകരമാക്കിയിട്ടുണ്ട്.

(ട) വിത്തിനും കൃഷിച്ചിലവുകൾക്കും വീട്ടാവശ്യത്തിനും കൃഷിക്കാർക്ക് അനുവദിക്കേണ്ട നെല്ല് ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

(ഠ) കൃഷിക്കാർക്കു പ്രത്യേക റേഷൻ കാർഡുകൾ നിശ്ചയിച്ചിട്ടുണ്ട്. കൃഷിക്കാരനോ ഉപഭോക്താവോ റേഷൻ കാർഡിൻ പ്രകാരമുള്ള അളവുകളിൽ കവിഞ്ഞു കൂടുതൽ നെല്ലോ അരിയോ സംഭരിക്കയോ ചെയ്യാൻ അനുവദിക്കപ്പെട്ടിട്ടില്ല.

(ഡ) നെല്ലെടുപ്പും റേഷനിംഗും ചട്ടങ്ങൾ ലംഘിക്കുന്നതിനെ കഠിനകരമാക്കുകയും അതിന്മേൽ പോലീസിനു കേസെടുക്കാമെന്നു വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഢ) തിരുവിതാംകൂർ പ്രദേശത്തിലും എല്ലാ താലൂക്കുകളിലും മുഴുവൻ സമയവും ജോലിചെയ്യുന്ന ഗ്രൂയിൻപർച്ചസ് തഹസിൽദാരന്മാരെയും ഫീൽഡ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

(ണ) റേഷനിംഗും സംഭരണവും ജോലികൾ കൂടുതൽ ഏകീകരിക്കുന്നതിനും വിജയപ്രദമാക്കുന്നതിനും വേണ്ടി റേഷനിംഗ് ജോലികൂടി ഗ്രൂയിൻപർച്ചെയിസ് തഹസിൽദാരന്മാരെ ഏല്പിച്ചിട്ടുണ്ട്.

(ബി) വിത്തിനും കൃഷിച്ചിലവിനും വീട്ടാവശ്യത്തിനും ഗവൺമെണ്ടു നിരക്കനുസരിച്ചുള്ള നെല്ല് കഴിച്ചു ബാക്കിയുള്ള നെല്ലുമുഴുവനും എല്ലാ നിലമുടമസ്ഥന്മാരിൽനിന്നും വിലക്കെടുക്കുക എന്നതാണ് ഗവൺമെണ്ടിന്റെ നയം.

വിദ്യാഭ്യാസ സൗജന്യം

*൧൦൧൦ (൬ൻ) ശ്രീ. കെ. കെ. കണ്ണൻ;

(എ) കൊച്ചികണയന്നൂർ താലൂക്കിൽ തിരുവാംകുളം വില്ലേജ് നിവാസിയായ കളരിക്കൽ കെ. സി. തോമസ് എന്നയാൾ ൧൯—൨—൧൯൪൫ മുതൽ ൧൯—൯—൧൯൫൨ വരെ യുദ്ധസേവനം ചെയ്തു തിരിച്ചുവന്നിട്ടുള്ള വ്യക്തിയെന്ന നിലയിൽ യുദ്ധസേവനത്തിന്റെ പേരിൽ തന്റെ കുട്ടികൾക്കു കിട്ടാൻ അർഹതയുള്ള വിദ്യാഭ്യാസ സൗജന്യങ്ങൾക്കു വേണ്ടി അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ൧൭—൬—൧൯൫൫ മുതൽ ൧൯—൫—൧൯൫൭-ലും ൪—൨—൧൯൫൭ലും ൪—൬—൧൯൫൮ലും ൧൭—൫—൧൯൫൯ലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ ഡയറക്ടർ അവർകൾക്കു പ്രസ്തുത ആനുകൂല്യങ്ങൾക്കുവേണ്ടി ടി. തോമസ് അപേക്ഷകൾ ബോധിപ്പിച്ചിട്ടുണ്ടോ?

(സി) ഇക്കാര്യത്തിൽ അനുകൂലമായ വല്ലകല്പനയും ഉണ്ടായിട്ടുണ്ടോ;

(ഡി) N. Dis 3650/123, L. dis 23530/124 എന്നീ നമ്പരുകളിൽ ഡയറക്ടരുടെ പ്രൊസീഡിംഗ്സുകളോ മെമ്മോകളോ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ട്.

(ബി) ശ്രീ—ന്യ—ക്ഷൻ ശ്രീ ാലും ക്രവ—ക്ഷ ാ—ശ്രീ ാലും രണ്ടു ഹർജികളും കിട്ടിയിട്ടുണ്ട്.

(സി) ടി കാര്യത്തെപ്പറ്റി നടപടികൾ എടുത്തുവരുന്നുണ്ട്. അവസാനതീരുമാനം ചെയ്തിട്ടില്ല.

(ഡി) ഉണ്ട്.

UNSTARRED QUESTIONS AND ANSWERS

DISMISSAL OF SRI. P. JOHN JOSEPH

46. [2] **Sri. K. A. Mathew:** Will the Hon'ble Minister for Labour be pleased to state:—

(*a*) Whether a representation was made to the Labour Department on 13th March 1950 about the dismissal of Sri. P. John Joseph, an employee of Gramby Estate belonging to the Travancore Tea Estates Co., Ltd., Vandiperiyar; and

(*b*) Whether any action was taken in this matter by the Labour Dapartment?

Minister for Education, Labour & Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) The Labour Deparment enquired into the matter and found that the discharge was on disciplinary grounds.

ADJOURNMENT MOTION REGARDING CITY SERVICE

മി.സ്പീക്കർ: സിറ്റി സർവ്വീസ് ബസ്സുകളുടെ കണ്ടക്ടറന്മാരും ഡ്രൈവന്മാരും പണിമുടക്കിയിരിക്കുന്നുയെന്നും അതുനിമിത്തം ഒരടിയന്തരാവസ്ഥ സംജാതമായിരിക്കുന്നു എന്നും അതുകൊണ്ടു അതിനെപ്പറ്റി വാദപ്രതിവാദം നടത്തണമെന്നും കാണിച്ചു ഒരടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ട്. ഇതു് അനുവദിക്കണമോ വേണ്ടയോ എന്നു് തീരുമാനിക്കുന്നതിലേക്കു് ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ബഹു. മന്ത്രി ഈ സഭയെ അറിയിച്ചാൽ കൊള്ളാം.

ചീഫ്മിനിസ്റ്റർ (ശ്രീ.ടി. കെ. നാരായണപിള്ള: മിനിഞ്ഞാന്നു് മറ്റൊരു കോണത്തു് ഓടികൊണ്ടിരുന്നതായ ഒരു ബസ്സിലെ ഡ്രൈവറും ഏതാനും വിദ്യാർത്ഥികളും തമ്മിൽ ചില കശപിശകൾ ഉണ്ടായി. ആ ഡ്രൈവറുടെ പേരിൽ ഒരു കേസ് രജിസ്റ്റർചെയ്തിട്ടുണ്ട്. അതു് ഇപ്പോൾ വിചാരണയിൽ ഇരിക്കുകയാണു്. അടിയന്തിര പ്രമേയത്തിൽ പറയുന്നതുപോലെ ബസ്സു് സർവ്വീസു് മുടങ്ങിയിട്ടില്ല. ഇന്നു് ബസ്സർവീസു് നടന്നു കൊണ്ടിരിക്കയാണു്.

Sri. P. Balakrishnan Thambi: Is it the Government's view there has been a regular service in this line?

ശ്രീ. ടി. കെ. നാരായണപിള്ള: ഇന്നു് ബസ്സു് സർവ്വീസു് നടക്കുന്നുണ്ടു്. സമയത്തിനു വ്യത്യാസമുണ്ടോയെന്നു അറിഞ്ഞുകൂടാ.

ശ്രീ. മാന്നാർ ഗോപാലൻനായർ; ഇന്നത്തെ സിറ്റിസർവ്വീസു് ടാൻപോർട്ട് ഡയറക്ടരാണു് ഓടിച്ചുകൊണ്ടുപോയിയെന്നുള്ളതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള; ആദ്യം ടാൻസ്പോർട്ട ഡയറക്ടരാണു ഓടിച്ചതു്. പിന്നീടു ജോലിക്കാർതന്നെയാണു് ഓടിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly